**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** **24-02-2026 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണത്തിനുള്ള ലോൺ നൽകുന്നുണ്ടോ; പലിശയായി എത്ര ശതമാനമാണ് ഈടാക്കുന്നത്; പരമാവധി എത്ര രൂപയാണ് ലോണായി നൽകുന്നത്; ഗഡുക്കളായാണോ തുക നൽകുന്നത്; എങ്കിൽ ഓരോ ഗഡുവും എത്ര രൂപ വീതമാണ്; | (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണ വായ്പ (എന്റെ വീട് വായ്പ പദ്ധതി) നൽകി വരുന്നുണ്ട്. കുടുംബ വാർഷിക വരുമാനം 1,20,000/- രൂപ വരെയുള്ളവർക്ക് 6.5% നിരക്കിൽ പരമാവധി 5 ലക്ഷം രൂപയും, കുടുംബ വാർഷിക വരുമാനം 3,00,000/- രൂപ വരെയുള്ളവർക്ക് 7% നിരക്കിൽ പരമാവധി 10 ലക്ഷം രൂപയുമാണ് ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നത്. വായ്പാ തുകയുടെ 30% ഒന്നാം ഗഡുവായും, 40% രണ്ടാം ഗഡുവായും, 30% മൂന്നാം ഗഡുവായും അനുവദിക്കുന്നു. |
| (ബി) | സ്വന്തം പണം ഉപയോഗപ്പെടുത്തി വീട് നിർമ്മാണം തറ, ലിന്റൽ ഉയരം മുതലായവ നടത്തിയവർക്ക് വർക്ക് ലോൺ നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ? | (ബി) | എന്റെ വീട് പദ്ധതിയുടെ നിലവിലുള്ള മാർഗരേഖ പ്രകാരം, വായ്പ തുക നിർണ്ണയിക്കുന്നതിന് വീട് നിർമ്മാണത്തിന്റെ ആകെ എസ്റ്റിമേറ്റ് കണക്കിലെടുക്കുന്നതിനാൽ പ്രാരംഭ ഘട്ടം മുതലുള്ള വീട് നിർമ്മാണം വിലയിരുത്തി മൂന്ന് ഗഡുക്കളായാണ് വായ്പ അനുവദിക്കുന്നത്. സ്വന്തം പണം ഉപയോഗിച്ച് തറ നിർമ്മാണം പൂർത്തീകരിച്ചവർക്ക് "എന്റെ വീട്" പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നതാണ്. ലിന്റൽ പൂർത്തിയാക്കിയവർക്കും അതിനു മുകളിൽ വീട് പണി പൂർത്തീകരിച്ചവർക്കും ഫർണിഷിങ്ങിനും മറ്റുമായി പ്രസ്തുത പദ്ധതി മാനദണ്ഡപ്രകാരം വായ്പ അനുവദിക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ